**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 397** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സമ്പൂർണ്ണ ശുചിത്വവും, പരിസ്ഥിതി സംരക്ഷണവും ഉറപ്പ് വരുത്താൻ വേണ്ടി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | **ഹരിതകർമ്മ സേന വീട്ടുകൾ, വ്യാപാര സ്ഥാപനങ്ങൾ, പൊതു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ യൂസർഫീ അടിസ്ഥാനത്തിൽ ശേഖരിച്ച് പുനഃചംക്രമണത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്ക് എത്തിക്കുന്നു . ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേന ജൈവ മാലിന്യങ്ങൾ ശേഖരിക്കുകയും അവയെ ജൈവവളമാക്കി മാറ്റുകയും ചെയ്യുന്നു. വാതിൽപ്പടി ശേഖരണത്തിലൂടെ ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കളെ തരംതിരിച്ച് ക്ലീൻ കേരള കമ്പനി, അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് കൈമാറുന്നു.**<br><br>**കൂടാതെ പൊതു ജൈവമാലിന്യ സംവിധാനങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ സേവനം നൽകുക, ഉറവിട മാലിന്യ (ജൈവം ) സംവിധാനങ്ങൾ ലഭ്യമാക്കൽ, പ്രവർത്തിപ്പിക്കുന്നതിനുള്ള സേവനം നൽകൽ ജൈവ മാലിന്യം സംസ്കരിച്ച് കൃഷിക്ക് വേണ്ടി പ്രയോജനപെടുത്തുന്നതിന് വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടൽ , പ്രദേശത്ത് നടക്കുന്ന പൊതു സ്വകാര്യ ചടങ്ങുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്നതിന് വേണ്ട സേവനം നൽകൽ, സ്വാപ് ഷോപ്പ് / റിപ്പയറിംഗ് ഷോപ്പുകളുടെ നടത്തിപ്പ് മുതലായവയും ഹരിത കർമ്മ സേനയുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നവയാണ്** |
| (ബി) | ഏതൊക്കെ തരത്തിലുള്ള മാലിന്യങ്ങളാണ് ഹരിത കർമ്മ സേനകൾ വീട്ടുകളിൽ നിന്നും ശേഖരിക്കുന്നത്; മാലിന്യങ്ങൾ വേർതിരിച്ച് ഓരോ മാസവും ശേഖരിക്കുന്നതിന് പൊതുവായി സർക്കാർ നിർദ്ദേശമുണ്ടോ; ഇങ്ങനെ സ്വീകരിക്കുന്നതിന് യൂസർഫീസ് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഉപയോഗ ശൂന്യമായ അജൈവ പാഴ് വസ്തുക്കളെല്ലാം തന്നെ ഹരിത കർമ്മ സേനകൾ കലണ്ടർ അടിസ്ഥാനത്തൽ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നുണ്ട്. 15-07-2017-ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ നം |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന് പരമാവധി 60/- രൂപ എന്നാണ് നിശ്ചയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പല തദ്ദേശ സ്ഥാപനങ്ങളും നിശ്ചയിച്ച യൂസർ ഫീ ഹരിത കർമ്മ സേനകൾക്ക് ഉപജീവനത്തിനുള്ള വരുമാനം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-08-2020-ലെ സ.ഉ (സാധാ) നം. 1496/2020/ ത.സ്വ.ഭ.വ നം. സർക്കാർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേന വഴിയുള്ള വാതിൽപ്പടി ശേഖരണത്തിന് യൂസർ ഫീ പുതുക്കി നിശ്ചയിച്ച് കൊണ്ട് ഉത്തരവായിരുന്നു. പുതുക്കിയ ഉത്തരവ് പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ വീടുകൾക്ക് 50/- രൂപയും നഗര പ്രദേശങ്ങളിൽ 70/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും 100/- രൂപയും ഈടാക്കി വരുന്നു. (സ്ഥാപനത്തിന്റെ വലിപ്പം പ്രതിദിനം രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവയ്ക്കനുസരിച്ച് സ്ഥാപനത്തിന്റെ നിരക്ക് വ്യത്യാസപ്പെടുന്നതാണ്) |
| (സി) | ഹരിത കർമ്മ സേനയുടെ പൊതുവായ പ്രവർത്തനങ്ങൾ, അവരുടെ വേതന വ്യവസ്ഥ എന്നിവ സംബന്ധിച്ച് വ്യക്തത വരുത്താനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാനും തയ്യാറാവുമോ;വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | **08.04.2016 - ൽ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഖര മാലിന്യ പരിപാലന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 13.09.2018 ലെ സ.ഉ (പി ) നം. 65/2018/ത.സ്വ.ഭ.വ പ്രകാരമുള്ള സംസ്ഥാന ഖര മാലിന്യ നയം പ്രകാരം യൂസർ ഫീ ഈടാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പൊതുവായ പ്രവർത്തനങ്ങൾ, അവരുടെ വേതന വ്യവസ്ഥ എന്നിവ സംബന്ധിച്ച് സ.ഉ (സാധാ) നം. 1496/2020/ത.സ്വ.ഭ.വ തീയതി. 12.08.2020 ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ നവ മാധ്യമങ്ങൾ മുഖേന യൂസർ ഫീ സംബന്ധിച്ച് വ്യാജ പ്രചരണം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ യൂസർ ഫി സംബന്ധിച്ച് സ.ഉ (സാധാ)നം. 41/2023/ ത.സ്വ.ഭ.വ തീയതി. 06.01.2023 പ്രകാരം കൂടുതൽ വ്യക്തത വരുത്തിയും സ്പഷ്ടീകരണം നടത്തിയും ഉത്തരവ് നല്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ